ICPS-3/7794/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS, പൂജപ്പുര, തിരുവനന്തപുരം
തീയതി: 31..03..2016.

## സർക്കുലർ

വിഷയം :- സാമൂഹ്യനീതി വകുപ്പ് - ICPS - ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് വെക്കേഷൻ ഫോസ്റ്റർ കെയർ - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകളിലെ ചില കുട്ടികൾക്ക് അവരുടെ കുടുംബങ്ങളിലെ പ്രതികൂല സാഹചര്യം കാരണം മാതാപിതാക്കളോടൊപ്പമോ മറ്റു ബന്ധുക്കളോടൊപ്പമോ അവധിക്കാലം ചെലവഴിക്കാൻ സാധിക്കുന്നില്ല. കുടുംബാന്തരീക്ഷത്തിൽ ജീവിക്കേണ്ടത് കുട്ടികളുടെ ശരിയായ മാനസിക വളർച്ചയ്ക്ക് അത്യാവശ്യമാണ്. ചിൽഡ്രൻസ് ഹോമുകളിൽ സംരക്ഷിക്കപ്പെടുന്നതും വെക്കേഷൻ കാലയളവിൽ അവരുടെ കുടുംബാംഗങ്ങളോടൊപ്പം ജീവിക്കാൻ സാധിക്കാത്തതുമായ കുട്ടികൾക്ക് അവരെ സ്വീകരിക്കാൻ തയ്യാറും പ്രാപ്തിയുമുള്ള മറ്റു കുടുംബങ്ങളിൽ സന്തോഷപൂർവ്വം ജീവിക്കാൻ അവസരമൊരുക്കി കൊടുക്കുകയാണ് വെക്കേഷൻ ഫോസ്റ്റർ കെയർ പരിപാടിയുടെ ഉദ്ദേശ്യം.

2015 ലെ സമ്മർ വെക്കേഷൻ സമയത്ത് ചില ജില്ലകളിൽ വെക്കേഷൻ ഫോസ്റ്റർ കെയർ പരിപാടി പരീക്ഷിച്ചു നോക്കിയിട്ടുള്ളതാണ്. ചിൽഡ്രൻസ് ഹോമുകളിൽ നിന്നും വെക്കേഷൻ ഫോസ്റ്റർ കെയർ പ്രോഗ്രാം അനുസരിച്ച് മറ്റു കുടുംബങ്ങളിൽ സംരക്ഷിക്കപ്പെട്ട കുട്ടികൾക്ക് ആഹ്ളാദകരമായ രീതിയിൽ വെക്കേഷൻ കാലം ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് കുട്ടികൾക്ക് മാത്രമല്ല അവരെ താല്പര്യപൂർവ്വം സംരക്ഷിച്ച ഫോസ്റ്റർ രക്ഷിതാക്കൾക്കും ആഹ്ലാദകരമായിരുന്നു. ഈ അവധിക്കാലത്തും വെക്കേഷൻ ഫോസ്റ്റർ കെയർ പരിപാടി നടപ്പാക്കണമെന്ന് പല കുടുംബങ്ങളും ആവശ്യപ്പെട്ടിരിക്കുന്നു. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരും ഈ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ വസ്തുതകളുടെ വെളിച്ചത്തിൽ 2016 ലെ സമ്മർ വെക്കേഷൻ കാലയളവിൽ അവരവരുടെ കുടുംബങ്ങളിൽ തിരിച്ചു പോകാൻ സാധിക്കാത്ത ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾക്കുവേണ്ടി വെക്കേഷൻ ഫോസറ്റർ കെയർ പരിപാടി നടപ്പിലാക്കാൻ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും സൂപ്രണ്ടുമാർക്കും അനുമതി നല്കുന്നു.

മാതൃകാപരമായ ഈ പദ്ധതി വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:-

1. വെക്കേഷൻ ഫോസ്റ്റർ കെയർ പദ്ധതി നടപ്പാക്കുന്നതിന് അതതു ജില്ലയിലെ സി.ഡബ്ല്യു.സി.യുടെ അനുമതി വാങ്ങണം.
2. സി.ഡബ്ല്യു.സി.യുടെ അനുമതി ലഭ്യമായാൽ വെക്കേഷൻ ഫോസ്റ്റർ കെയറിന് നിയോഗിക്കാൻ സാധിക്കുന്ന കുട്ടികളെ കണ്ടുപിടിക്കണം.
3. കുട്ടികൾക്ക് ഹ്രസ്വകാലയളവിലേയ്ക്ക് എല്ലാവിധ സംരക്ഷണവും നല്കി സന്തോഷകരമായ ജീവിതം നല്കാൻ താല്പര്യവും പ്രാപ്തിയുമുള്ള രക്ഷിതാക്കളെ കണ്ടെത്തണം.
4. കുട്ടികളെ ഏറ്റെടുത്തു സംരക്ഷിക്കാൻ താല്പര്യം പ്രകടിപ്പിച്ച രക്ഷിതാക്കളെക്കുറിച്ച് വിശദമായി അന്വേഷണം നടത്തി അവരുടെ സംരക്ഷണയിൽ കുട്ടികൾ സുരക്ഷിതരായിരിക്കുമെന്ന് ഉറപ്പ് വരുത്തണം.
5. സി.ഡബ്ല്യു.സി.യുടെ അനുമതി വാങ്ങി കുട്ടികളെ വെക്കേഷൻ ഫോസ്റ്റർ കെയറിന് നിയോഗിക്കണം.
6. വെക്കേഷൻ ഫോസ്റ്റർ കെയറിന് വിടുന്നതിനുമുമ്പ് കുട്ടികളുടെ ആരോഗ്യസ്ഥിതി വിലയിരുത്തണം. കുട്ടികൾക്ക് ആവശ്യമായ കൗൺസിലിംഗും നല്കണം.
7. കുട്ടികളെ വെക്കേഷൻ ഫോസ്റ്റർ കെയർ പ്രകാരം കുടുംബങ്ങളിൽ വിട്ടാൽ ഡി.സി.പി.യു. വിലെ ഉദ്യോഗസ്ഥരുടെ സൂക്ഷമ നിരീക്ഷണം അത്യാവശ്യമാണ്. ഡി.സി.പി.യു.വിലെ ഉദ്യോഗസ്ഥർ ക്രമമായി കുടുംബങ്ങൾ സന്ദർശിക്കേണ്ടതും ഫോസ്റ്റർ രക്ഷിതാക്കളോടൊപ്പം കഴിയുന്ന കുട്ടികൾ സുരക്ഷിതരാണ് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.
8. വെക്കേഷൻ ഫോസ്റ്റർ കെയറിൽ കഴിയുന്ന കുട്ടികളെക്കുറിച്ചുള്ള റിപ്പോർട്ട് ആഴ്ചതോറും സി.ഡബ്ല്യു.സി.യ്ക്കും സ്ഥാപന സൂപ്രണ്ടിനും നല്കണം.
9. സമ്മർ വെക്കേഷൻ ഫോസ്റ്റർ കെയർ പ്രകാരം മറ്റു കുടുംബങ്ങളിൽ കഴിയുന്ന കുട്ടികളെ സന്ദർശിക്കാൻ അവരുടെ മാതാപിതാക്കൾക്ക് സൗകര്യം ഉണ്ടാക്കിക്കൊടുക്കണം.
10. സമ്മർ വെക്കേഷൻ ഫോസ്റ്റർ കെയർ പരിപാടി ആരും ദുരുപയോഗം ചെയ്യുന്നില്ലാ എന്ന് ജില്ലാ ശിശുസംരക്ഷണ ഓഫീസർ ഉറപ്പു വരുത്തണം.
11. വെക്കേഷൻ ഫോസ്റ്റർ കെയറിന് വിട്ടിട്ടുള്ള കുട്ടികളുടെ വ്യക്തിഗത ശ്രദ്ധ പദ്ധതി (Individual Care Plan) ൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്തണം.
12. സ്ഥാപന സൂപ്രണ്ട് അടുത്തു കൂടുന്ന മാനേജിംഗ് കമ്മിറ്റിയിൽ ഇക്കാര്യം അവതരിപ്പിക്കുകയും വെക്കേഷൻ ഫോസ്റ്റർ കെയറിനു വിട്ടിട്ടുള്ള കുട്ടികളുടെ അവസ്ഥ അറിയിക്കുകയും വേണം.

ഈ പദ്ധതി വിജയകരമാക്കുന്നതിന് ജില്ലാ ശിശുസംരക്ഷണ യുണിറ്റിലെയും സ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരുടെ കൂട്ടായ പരിശ്രമം ആവശ്യമാണ്. വെക്കേഷൻ ഫോസ്റ്റർ കെയർ നടപ്പിലാക്കിയത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഈ ഓഫീസിന് സമർപ്പിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർ

1. എല്ലാ ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്കും.
2. എല്ലാ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും.

പകർപ്പ് :

എല്ലാ ചൈൽഡ് വെൽഫയർ കമ്മിറ്റി ചെയർമാൻമാർക്കും.(ആമുഖ കത്ത് സഹിതം)

പ്രോഗ്രാം മാനേജർ, SARA, കളമശ്ശേരി.

ഐ.സി.പി.എസ് 2, 4 സെക്ഷനുകൾക്ക്

സ്റ്റോക്ക് ഫയൽ.